കില
വാർത്താപത്രിക

VOLUME-9
ISSUE-9
SEPTEMBER 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org

രണ്ടാം ജനകീയാസൂത്രണത്തിന്റെ ക്യാമ്പയിന്റെ ഭാഗമായി മുൻഗണനാവിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു കിലയിൽ സംഘടിപ്പിച്ച ശിൽപ്പശാല

രണ്ടാം ജനകീയാസൂത്രണം: മുൻഗണനാവിഷയങ്ങൾ ചർച്ചചെയ്തു

തദ്ദേശഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധർ, വിവിധ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാപ്രതിനിധികൾ, കില ഫാക്കൽറ്റികൾ തുടങ്ങിയവരാണ് രണ്ടാമത്തെ ശിൽപ്പശാലയിൽ പങ്കെടുത്തത്.

രണ്ടാം ജനകീയാസൂത്രണത്തിന്റെ ക്യാമ്പയിന്റെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച രണ്ടാമത്തെ ഏകദിന ശിൽപ്പശാല മുൻഗണനാവിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. ആദ്യ ശിൽപ്പശാലയിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ പ്രതിനിധികളാണ് പങ്കെടുത്തതെങ്കിൽ, തദ്ദേശഭരണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധർ, വിവിധ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാപ്രതിനിധികൾ, കില ഫാക്കൽറ്റികൾ തുടങ്ങിയവരാണ് രണ്ടാമത്തെ ശിൽപ്പശാലയിൽ പങ്കെടുത്തത്. മുൻഗണനാവിഷയങ്ങളെക്കുറിച്ച് കില ഡയറക്ടർ ഡോ.പി.പി. ബാലൻ ആമുഖാവതരണം നടത്തി.

പ്രകൃതിവിഭവ പരിപാലനം, ജൈവകൃഷി വ്യാപനം, പരമ്പരാഗതവ്യവസായസംരക്ഷണം, കുടിവെള്ളസംരക്ഷണം, ജലസ്രോതസ്സുകളിലെ മാലിന്യം തടയൽ, വിദ്യാഭ്യാസനിലവാരമുയർത്തൽ, വികേന്ദ്രീകൃത മാലിന്യ സംസ്കരണപ്ലാൻ, സാനിറ്റേഷൻ, മികച്ച ആരോഗ്യപരിപാലനം, ജീവിതശൈലിരോഗങ്ങൾ തടയൽ, ശിശുസൗഹൃദ തദ്ദേശഭരണം, സമ്പൂർണ്ണ സാമൂഹ്യസുരക്ഷ, മുതിർന്ന പൗരന്മാരുടെ ക്ഷേമം, എല്ലാവർക്കും വീട്, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഇതരസംസ്ഥാനതൊഴിലാളികളുടെ പ്രശ്നങ്ങൾ, വിഭവസമാഹരണം, പുതിയ നികുതി, നികുതി പരിഷ്ക്കരണം, ബഹുതല ആസൂത്രണം തുടങ്ങിയ മുൻഗണനാവഷയങ്ങളാണ് ശിൽപ്പശാല ചർച്ച ചെയ്തത്.

വിഷയാവതരണത്തിനുശേഷം ഗ്രൂപ്പുതല ചർച്ചയും പിന്നീട് ക്രോഡീകരണവുമുണ്ടായി. ശക്തമായ നിരീക്ഷണസംവിധാനം അനിവാര്യമാണെന്നും അതില്ലെങ്കിൽ പരാജയമായിരിക്കും ഫലമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. പഞ്ചായത്തടിസ്ഥാനത്തിൽ വിവരശേഖരണത്തിനു സംവിധാനമുണ്ടാകണമെന്നും നിർദ്ദേശമുണ്ടായി.

വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലിറങ്ങി നാശം വിതയ്ക്കുന്നതു ലഘൂകരിക്കുന്നതിനു കേരള കാർഷികസർവകലാശാല വികസിപ്പിച്ചെടുത്ത നൂതന സങ്കേതങ്ങളെക്കുറിച്ചു കിലയിൽ സംഘടിപ്പിച്ച ഏകദിനശിൽപ്പശാല

കൃഷിയിടങ്ങളിലെ വന്യമൃഗശല്യം: കിലയിൽ ശിൽപ്പശാല

വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലിറങ്ങി നാശം വിതയ്ക്കുന്നതു ലഘൂകരിക്കുന്നതിനു കേരള കാർഷികസർവകലാശാല വികസിപ്പിച്ചെടുത്ത നൂതന സങ്കേതങ്ങളെക്കുറിച്ചു കിലയിൽ ഏകദിനശിൽപ്പശാല സംഘടിപ്പിച്ചു. കിലയും കേരള കാർഷിക സർവകലാശാലയും വനശ്രീ സ്ത്രകോളേജും സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.വയനാട്, കോഴിക്കോട്,മലപ്പുറം, പാലക്കാട്, തൃശ്ശൂർ, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ വനാതിർത്തിമേഖലയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ ശിൽപ്പശാലയിൽ പങ്കെടുത്തു.

കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി. കോർഡിനേറ്റർ പി.വി. രാമകൃഷ്ണൻ സംസാരിച്ചു. കാർഷിക സർവകലാശാലയിലെ പ്രൊഫ.പി.എൻ.ഗീതകുട്ടി, ഡോ.കെ.വിദ്യാസാഗർ, ഡോ.ഗോപകുമാർ, ഡോ.നമീർ, ഡോ.സന്തോഷ്, ഡോ. മണി ചെല്ലപ്പൻ തുടങ്ങിയവർ വിവിധ വിഷയങ്ങളെക്കുറിച്ചു സംസാരിച്ചു.

ആന, കാട്ടുപന്നി, കുരങ്ങ്, മാൻ തുടങ്ങിയ വന്യമൃഗങ്ങളും മയിലും മറ്റും കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നതു തടയുന്നതിനു കാർഷികസർവകലാശാല ഗവേഷണത്തിലൂടെ കണ്ടെത്തിയ സങ്കേതങ്ങൾ പരിചയപ്പെടുത്തി.പ്രാദേശികഭരണകൂടങ്ങളുടേയും കർഷകരുടേയും സഹകരണത്തോടെ ശാസ്ത്രീയ പ്രവർത്തനങ്ങളിലൂടെ മനുഷ്യ-വന്യമൃഗസംഘർഷം കുറയ്ക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ചായിരുന്നു ചർച്ച.വന്യമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഈ സങ്കേതങ്ങൾ വ്യാപിപ്പിക്കുന്നതിനു തുടർ സാങ്കേതിക സഹായം നൽകാനും തീരുമാനിച്ചു.

നഗരസഭയിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സംയുക്തപരിശീലനം

ജനപ്രതിനിധി-ഉദ്യോഗസ്ഥബന്ധം ശക്തിപ്പെടുത്തുന്നതിലൂടെ നഗരസഭ ഭരണം കൂടുതൽ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ദ്വിദിന പരിശീലനപരിപാടി കിലയിൽ തുടങ്ങി.കില പ്രൊഫ.ഡോ.സണ്ണി ജോർജ് ഉദ്ഘാടനം ചെയ്തു. കോഴ്സ് കോർഡിനേറ്റർ കെ.ഗോപാലകൃഷ്ണൻ സംസാരിച്ചു.

ചാവക്കാട് നഗരസഭാ ചെയർമാൻ എം.കെ.അക്ബറിന്റെ നേതൃത്വത്തിലുള്ള ജനപ്രതിനിധികളും നഗരസഭ ജീവനക്കാരുമാണ് ആദ്യബാച്ച് പരിശീലനത്തിൽ പങ്കെടുക്കുന്നത്.

നഗരഭരണസംവിധാനം, അധികാരം, ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, ജനപ്രതിനിധി-ഉദ്യോഗസ്ഥബന്ധം, കൗൺസിൽ യോഗനടപടികൾ, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ,പദ്ധതി തയ്യാറാക്കൽ, വിഭവസമാഹരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് കെ.ഗോപാലകൃഷ്ണൻ, ഡോ.എൻ.വിജയകുമാർ, പി.എം.ദേവരാജൻ, നാൻസി, കെ.വി.ഗോവിന്ദൻ, കെ.വി.അനിൽകുമാർ എന്നിവർ ക്ലാസ്സെടുത്തു.

ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള മൂന്നുദിവസത്തെ പരിശീലനം കിലയിൽ ആരംഭിച്ചു.ഡോ.സണ്ണി ജോർജ് ആമുഖപ്രഭാഷണം നടത്തി. കെ.ഗോപാലകൃഷ്ണൻ പരിശീലനപരിപാടി വിശദീകരിച്ചു.

ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രസക്തിയും ചുമതലയും, പൊതുജനാരോഗ്യം, ലൈസൻസുകൾ അനുവദിക്കൽ, ആരോഗ്യമേഖലയിലെ വിവിധ പരിപാടികൾ,ശുചിത്വ-മാലിന്യപരിപാലനം, കുടിവെള്ളം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചായിരുന്നു പരിശീലനം. വി.ജി.ശശിധരൻ, കെ.വി.അനിൽകുമാർ എന്നിവർ നേതൃത്വം നൽകി.

സുസ്ഥിരവികസനവുമായി ബന്ധപ്പെട്ട് ഒക്ടോബർ മൂന്നാംവാരം കിലയിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര റൈറ്റ് ഷോപ്പിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ ചേർന്ന യോഗത്തിൽ കേന്ദ്രപഞ്ചായത്ത് രാജ് സെക്രട്ടറി ജിതേന്ദ്രശങ്കർ മാത്തൂർ സംസാരിക്കുന്നു

സുസ്ഥിരവികസനം: കിലയിൽ രാജ്യാന്തര റൈറ്റ്ഷോപ്പ്

ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപിത നയമായ സുസ്ഥിരവികസനവുമായി ബന്ധപ്പെട്ട രാജ്യാന്തര റൈറ്റ് ഷോപ്പ് ഒക്ടോബർ മൂന്നാംവാരം കിലയിൽ സംഘടിപ്പിക്കും സുസ്ഥിരവികസനം വിവിധ സംസ്ഥാനങ്ങൾക്കു കൂടി ബാധകമാക്കുകയാണ് റൈറ്റ്ഷോപ്പിന്റെ ലക്ഷ്യം. റൈറ്റ്ഷോപ്പ് അഞ്ചുദിവസം നീണ്ടുനിൽക്കുമെന്ന് കില ഡയറക്ടർ ഡോ.പ.പി.ബാലൻ അറിയിച്ചു.

റൈറ്റ്ഷോപ്പിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ കേന്ദ്ര പഞ്ചായത്ത് രാജ് സെക്രട്ടറി ജിതേന്ദ്ര ശങ്കർ മാത്തൂറിന്റെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം കിലയിലെത്തി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി.

കേന്ദ്ര പഞ്ചായത്ത് രാജ് ജോ.സെക്രട്ടറി ശാരദാമുരളീധരൻ, അസി.സെക്രട്ടറിമാരായ ഗ്രേസ് പച്ചൗ, ലോകേഷ് കുമാർ എന്നിവരും സംഘത്തിലുണ്ടായിരുന്നു. ഹൈദരാബാദിലെ നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിലെ (എൻ.ഐ.ആർ.ഡി) പ്രൊഫസർമാരായ ഡോ.പ്രത്യൂഷ് പട്നായിക്ക്, ഡോ.കെ. ജയലക്ഷ്മി, കൺസൽട്ടന്റ് ആർ. സൂര്യനാരായണറെഡ്ഡി, കില ഫക്കൽറ്റികളായ ഡോ.ജെ.ബി.രാജൻ, ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം.രാജ്, എക്സ്റ്റൻഷൻ ഫാക്കൽറ്റികളായ പ്രൊഫ.ടി.രാഘവൻ, എം.ജി.കാളിദാസൻ തുടങ്ങിയവർ പങ്കെടുത്തു.

റൈറ്റ്ഷോപ്പിന്റെ രൂപരേഖയെക്കുറിച്ച് ചർച്ചചെയ്തു.കില ഫാക്കൽറ്റികളുമായും വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായും ആശയവിനിമയം നടത്തി.സംഘാംഗങ്ങൾ പിന്നീട് അടാട്ട് ഗ്രാമപഞ്ചായത്തും സന്ദർശിച്ചു.

കേന്ദ്രപഞ്ചായത്ത് രജ് സെക്രട്ടറി ജിതേന്ദ്രശങ്കർ മാത്തൂറും ജോ.സെക്രട്ടറി ശാരദാമുരളീധരനും കില ലൈബ്രറി സന്ദർശിക്കാനെത്തിയപ്പോൾ

കേരളത്തിന്റെ വികസനമാതൃക ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങളിലേക്കു പകർത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി സെന്റർ ഓൺ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് ഫോർ ഏഷ്യ-പെസഫിക്ക്(സിർഡാപ്) പ്രതിനിധികൾ കില ഡയറക്ടർ ഡോ.പി.പി.ബാലനുമായി ചർച്ച നടത്തുന്നു

കേരളമാതൃക ഏഷ്യ–പെസഫിക്ക് രാജ്യങ്ങളിലേക്ക്

കിലയുമായി സഹകരിച്ചു വർഷംതോറും രാജ്യാന്തരസമ്മേളനം നടത്താനും ജനപ്രതിനിധികൾക്കു പരിശീലനം നൽകാനും തീരുമാനമായി.

കേരളത്തിന്റെ വികസനമാതൃക ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങളിലേക്കു പകർത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി സെന്റർ ഓൺ ഇന്റഗ്രേറ്റഡ് റൂറൽ ഡെവലപ്മെന്റ് ഫോർ ഏഷ്യ-പെസഫിക്ക്(സി.ഐ.ആർ.ഡി.എ.പി) പ്രതിനിധികൾ കിലയിലെത്തി. വികേന്ദ്രീകൃതാസൂത്രണം, പ്രാദേശികഭരണസംവിധാനം എന്നിവയെക്കുറിച്ചറിയാനും ആവശ്യമെങ്കിൽ ധാരണാപത്രം ഒപ്പുവയ്ക്കാനും അവർക്കു താൽപര്യമുണ്ട്. സിർഡാപ് ഡയറക്ടർ ജനറൽ തെവിത.ജി, ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ്-പരിശീലനവിഭാഗം ഡയറക്ടർ ഡോ.വാസന്തി രാജേന്ദ്രൻ, സിർഡാപുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ബംഗ്ലാദേശ് റൂറൽ ഡെവലപ്മെന്റ് അക്കാദമി ഡയറക്ടർ എം.എ.മാട്ടിൻ എന്നിവരാണ് കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ഡോ.സണ്ണി ജോർജ്,ഡോ.ജെ.ബി.രാജൻ എന്നിവരുമായി ചർച്ച നടത്തിയത്.

ളള ജനപ്രതിനിധികളുടെ ആദ്യസംഘം അടുത്തുതന്നെ കിലയിൽ പരിശീലനത്തിനെത്തും. കിലയുമായി സഹകരിച്ചു വർഷംതോറും രാജ്യാന്തരസമ്മേളനം നടത്താനും ജനപ്രതിനിധികൾക്കു പരിശീലനം നൽകാനും തീരുമാനമായി. ഇതിന്റെ ഭാഗമായി ഫിജിയിൽനിന്ന് മന്ത്രിയുടെ നേതൃത്വത്തിലുള്ള ജനപ്രതിനിധികളുടെ ആദ്യസംഘം അടുത്തുതന്നെ കിലയിൽ പരിശീലനത്തിനെത്തും.

ഏഷ്യ-പെസഫിക്ക് രാജ്യങ്ങളിൽ പ്രാദേശികഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ സംഘടനയാണ് സിർഡാപ്. ബംഗ്ലാദേശ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘടനയിൽ പതിനഞ്ച് രാഷ്ട്രങ്ങൾ ഇപ്പോൾ അംഗങ്ങളാണ്.

സ്വയംപര്യാപ്ത ഗ്രാമങ്ങൾ: കിലയും കോസ്റ്റ്ഫോഡും കൈക്കോർക്കുന്നു

സ്വയംപര്യാപ്തഗ്രാമങ്ങൾക്കായി കിലയും കോസ്റ്റ് ഫോഡും കൈക്കോർക്കുന്നു.ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കാൻ പര്യാപ്തമായ പരിപാടികൾക്കു രൂപം നൽകാനാണ് സംയുക്തശ്രമം. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലായിരിക്കും ഈ പരിപാടി ആരംഭിക്കുക. ഇതിനായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നൽകും. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ചർച്ച ചെയ്യാനും ഇതിനാവശ്യമായ മൊഡ്യൂളും കൈപ്പുസ്തകവും തയ്യാറാക്കുന്നതിനു കിലയിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കോസ്റ്റ് ഫോഡ് ഡയറക്ടർ ടി.ആർ ചന്ദ്രദത്ത് മുഖ്യപ്രഭാഷണം നടത്തി. ജൈവകൃഷി, പ്രാദേശികസാമ്പത്തിക വികസനം, സമ്പൂർണ പാർപ്പിട പദ്ധതി, സമഗ്ര ആരോഗ്യം, സമ്പൂർണ കുടിവെള്ള പദ്ധതി, മാലിന്യപരിപാലനം തുടങ്ങിയ മേഖലകളിലാണ് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുക. തൃശ്ശൂർ മെഡിക്കൽ കോളേജിലെ പ്രൊഫ. കെ.എം.ഷാജി, ഒല്ലൂർ ആയുർവേദകോളേജിലെ ഡോ.ഷീല, കാർഷിക സർവകലാശാലയിലെ പ്രൊഫ.ഗീതകുട്ടി, ഡോ.എം.എൻ.സുധാകരൻ, കില എക്സ്റ്റൻഷൻ ഫാക്കൽറ്റി പി.വി.രാമകൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു.

ജില്ലയെ ബാലസൗഹൃദ ജില്ലയായി പ്രഖ്യാപിക്കുന്നതിന്റെ പ്രാരംഭമായി തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ ഉദ്ഘാടനം ചെയ്യുന്നു

ജില്ലാബാലസൗഹൃദ പഞ്ചായത്തിന് തൃശ്ശൂരിൽ പൊതുകർമ്മപരിപാടി

കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലയ്ക്കു പൊതുവായ കർമ്മപരിപാടി തയ്യാറാക്കുമെന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ അറിയിച്ചു. ജില്ലയെ ബാലസൗഹൃദ ജില്ലയായി പ്രഖ്യാപിക്കുന്നതിന്റെ പ്രാരംഭമായി തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ബാലസൗഹൃദപഞ്ചായത്തിനായി 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളും ഒരേസമയം കുട്ടികളുടെ സ്ഥിതിവിവരകണക്കു ശേഖരിക്കും. അവ അപഗ്രഥിച്ചാണ് കർമ്മപരിപാടി തയ്യാറാക്കുക. കുട്ടികളുടെ പ്രശ്നങ്ങൾ വളരെ സങ്കീർണമാണ്. അവരിൽ ചെറിയ ഒരു വിഭാഗം അനുഭവിക്കുന്ന പീഡനങ്ങൾ ഹൃദയഭേദകവുമാണ്. കുട്ടികളുടെ പ്രശ്നങ്ങൾ തിരച്ചറിഞ്ഞാൽ മാത്രമേ അതിനു പരിഹാരം കാണാനാവൂ. അതിനാണ് സ്ഥിതിവിവരകണക്കു ശേഖരിക്കുന്നതെന്നും ജില്ലാ പ്രസിഡന്റ് വ്യക്തമാക്കി.

ജില്ലാക്ഷേമകാര്യ സ്ററാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻ പത്മിനി ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. കില അസോ.പ്രൊഫ.ഡോ.പീറ്റർ എം.രാജ്, ജില്ലാപഞ്ചായത്തംഗങ്ങളായ സി.ജി മോഹൻദാസ്, അഭിനവകൃഷ്ണൻ, ഹസീന താജുദ്ദീൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ യു.ഗീത, ജില്ലാ ഐ.സി.ഡി.എസ് പ്രോഗ്രാം ഓഫീസർ മീര, ഡോ.സുനന്ദ ഡി.പി.ഒ സജീവ് കെ.ജിഎന്നിവർ സംസാരിച്ചു. 21 തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്. പരിശീലനപരിപാടിയുടെ സമാപനച്ചടങ്ങിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, കോർഡിനേറ്റർ ഭാസ്കരൻ പള്ളിക്കര, എക്സ്റ്റഷൻ ഫാക്കൽററി എം.ജി കാളിദാസൻ ശിശുക്ഷേമവകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരായ സി.കെ.സത്യഭാമ, കെ.ആർ.വൈദേഹി എന്നിവർ സംസാരിച്ചു.

ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളിലേയും നഗരസഭകളിലേയും ക്ഷേമകാര്യ-ആരോഗ്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ/അസി. സെക്രട്ടറിമാർ, ഐ.സി.ഡി.എസ് സൂപ്രവൈസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരാണ് ഏകദിനപരിശീലനപരിപാടിയിൽ പങ്കെടുത്തത്. നാലുബാച്ചുകളിലായി 400 പേർ സംബന്ധിച്ചു. കുട്ടികൾക്കായുള്ള കർമ്മപദ്ധതി, കുട്ടികളുടെ വിവരശേഖരണം,തദ്ദേശഭരണവും ബാലസൗഹൃദ ഇടപെടലുകളും തുടങ്ങിയ വിഷയങ്ങളെക്കുറിച്ചായിരുന്നു പരിശീലനം.

ബാലസൗഹൃദ ജില്ലാപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ സംഘടിപ്പിച്ച പരിശീലനപരിപാടിയുടെ സമാപനച്ചടങ്ങ്

ചോദ്യങ്ങൾക്കു മറുപടി

? കാലിത്തൊഴുത്തുനിർമ്മാണം എന്ന പ്രോജക്ട് വയ്ക്കാൻ വർക്കിംഗ്ഗ്രൂപ്പ് ആവശ്യപ്പെടുന്നു. എത്ര തുകയാണ് സബ്സിഡി?

● കാലത്തൊഴുത്തുനിർമ്മാണം എന്നതു മാർഗ്ഗരേഖയിൽ അനുവദിക്കുന്നില്ല. അതുകൊണ്ടുതന്നെ അതിന്റെ സബ്സിഡിയും പറയുന്നില്ല.

? ആൺമക്കളുള്ള വിധവകൾക്കു ആനുകൂല്യം നൽകാൻ പാടില്ല എന്നതു ശരിയാണോ?

● ശരിയല്ല. സ്വന്തമായി വരുമാനമില്ലാത്ത 25 വയസ്സിനു താഴെ പ്രായമുള്ള ആൺമക്കളുള്ള ബി.പി.എൽ വിഭാഗത്തിൽപെടുന്ന വിധവകൾക്കു നിലവിൽ വിധവകൾക്കു നൽകുന്ന ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. (സ.ഉ.(സാധാ) 2037/2016 തസ്വഭവ തീയതി.30.6.2016)

? തെരുവുവിളക്കുകൾക്കുള്ള സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങാൻ അനുവദിക്കുന്നതായി അറിഞ്ഞു. അതു എപ്രകാരമാണ് വാങ്ങേണ്ടത്?

● തദ്ദേശസ്ഥാപനങ്ങൾക്കു തെരുവുവിളക്കുകൾക്കുള്ള അനുബന്ധ ഉപകരണങ്ങൾ ക്രൂസിൽനിന്നോ യുണൈററഡ് ഇലക്ട്രിക്കൽസിൽനിന്നോ വാങ്ങാനായിരുന്നു ഇതുവരെ അനുവദിച്ചിരുന്നത്. എന്നാൽ അവിടെ സാധനങ്ങൾക്കു മാർക്കറ്റ് വിലയേക്കാൾ കൂടുതലാണെന്നു പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് തദ്ദേശസ്ഥാപനങ്ങൾക്കു ആവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനു അനുമതി നൽകിയിരിക്കുന്നത്. ഇപ്രകാരം ടെണ്ടർ ചെയ്യുമ്പോൾ പെർഫോമൻസ് ഗ്യാരണ്ടി ആവശ്യപ്പെടണം. അതനുസരിച്ചുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയും വേണം. സാധനങ്ങൾ വാങ്ങിയാൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം പെർഫോമൻസ് ഗ്യാരണ്ടിയുടെ വ്യവസ്ഥകളും രേഖപ്പെടുത്തണം. (സ.ഉ.(സാധാ)2238/2016 തസ്വഭവ.തീയതി 25.7.2016)

? യോഗപരിശീലനത്തിനു പദ്ധതി വയ്ക്കാമോ?

● വയ്ക്കാം.വനിതകൾ,വയോജനങ്ങൾ,കുട്ടികൾ എന്നിവർക്കു ആയുഷുമായി സഹകരിച്ചു പദ്ധതി തയ്യാറാക്കാവുന്നതാണ്.(സ.ഉ)(സാധാ)2037/2016 തസ്വഭവ.30.6.2016)

? കാലിതീറ്റ സബ്സിഡി എത്ര രൂപ നൽകാം?

● മിൽമയുടെ പാൽ സഹകരണസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്കു ഒരു ലിറ്റർ പാലിനു 3 രൂപ പ്രകാരം 20,000 രൂപ വരെ സബ്സിഡി നൽകാം.അതുപോലെ ഇൻഷുർ ചെയ്ത പശുക്കൾ ഉള്ള മറ്റു ക്ഷീരകർഷകർക്കും മൃഗസംരക്ഷണവകുപ്പു ഉദ്യോഗസ്ഥരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകാം.

? മാതാപിതാക്കൾ ഒരുമിച്ചു അപേക്ഷിച്ചാലേ കുട്ടികളുടെ ജനനസർട്ടിഫിക്കറ്റ് കൊടുക്കുകയുള്ളൂവെന്നു പറയുന്നു. എന്നാൽ പരസ്പരം അകന്നു കഴിയുന്ന മാതാപിതാക്കളാണെങ്കിൽ കുട്ടിയുടെ ജനനസർട്ടിഫിക്കറ്റ് എങ്ങനെ ലഭിക്കും?

● മാതാപിതാക്കൾ പരസ്പരം അകന്നുകഴിയുന്ന കേസുകളിൽ മാതാപിതാക്കളിൽ ആരുടെ സംരക്ഷണയിലാണോ കുട്ടി കഴിയുന്നത് ആ വ്യക്തിയുടെ അപേക്ഷയും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും വാങ്ങി എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ജനനസർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.(സർക്കുലർ നമ്പർ 611417/ആർ.ഡി.3/16 തസ്വഭവ.12.8.2016)

? ഫ്ളാറ്റുകൾ, അപ്പാർട്ടുമെന്റുകൾ എന്നിവയുടെ വാല്യുവേഷൻ സാക്ഷ്യപത്രം നൽകാൻ തദ്ദേശസ്വയംഭരണവകുപ്പിലെ എഞ്ചിനിയർമാർക്കു കഴിയുമോ?

● കഴിയും.ഫ്ളാറ്റുകളുടേയും അപ്പാർട്ടുമെന്റുകളുടേയും വാല്യുവേഷൻ സാക്ഷ്യപത്രം നൽകാൻ അസി.എഞ്ചിനിയറിൽ കുറയാത്ത റാങ്കിലുള്ള തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിലുള്ള എഞ്ചിനിയർമാർക്കു അധികാരം നൽകിയിട്ടുണ്ട്.(സ.ഉ.(പി)73/2016 ടി.ഡി. തീയതി.19.7.2016

? ഹിന്ദുമതത്തിൽപെട്ട ഒരാളും ക്രിസ്തുമതത്തിൽപെട്ട ഒരു യുവതിയും ഹിന്ദുമതാചാരപ്രകാരം വീട്ടിൽവച്ചു വിവാഹിതരായി. ഈ വിവാഹം പൊതുവിവാഹചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാമോ?

● പറ്റില്ല.ഹിന്ദുമതാചാരപ്രകാരം വിവാഹം ചെയ്യണമെങ്കിൽ ഇരുകൂട്ടരും ഹിന്ദുക്കളായിരിക്കണം. അല്ലാത്ത പക്ഷം സ്പെഷൽ മാരേജ് ആകട്പ്രകരമാണ് രജിസ്റ്റർ ചെയ്യേണ്ടത്.പൊതുവിവാഹചട്ടം ഭേദഗതിയിലൂടെ മതാചാരപ്രകാരമോ നിലവിലുള്ള നിയമപ്രകാരമോ വിവാഹം ചെയ്തവരെ മാത്രമേ തദ്ദേശസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാൻ അനുവദിക്കുന്നുള്ളു.(പൊതുവിവാഹചട്ടങ്ങൾ ഭേദഗതി കാണുക)

? സ്പിൽ ഓവർ പദ്ധതികൾ ഇപ്പോൾ തീർത്താൽ തുക നൽകാമോ?ഡി.പി.സിയുടെ അംഗീകാരം വാങ്ങിയശേഷം മാത്രം തുക നൽകാൻ പാടുള്ളൂ എന്നുണ്ടോ?

● ഒരു മാറ്റവുമില്ലാത്ത പ്രോജക്ടാണ് സ്പിൽ ഓവർ ആയി നടപ്പാക്കുന്നതെങ്കിൽ പദ്ധതി പൂർത്തിയായാലുടൻ പണം നൽകാം. ഏതെങ്കിലും തരത്തിൽ ഭേദഗതി ആവശ്യമുള്ള പ്രോജക്ടാണ് ഡി.പി.സി അംഗീകരിക്കേണ്ടത്. ഭേദഗതികൾ ഇല്ലെങ്കിൽ തദ്ദേശസ്ഥാപനത്തിന്റെ ഭരണാനുമതിയോടുകൂടി തുടരാവുന്നതാണ്.

ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക.
കില ഹെൽപ്ഡെസ്ക്.
ഫോൺ നമ്പർ-0487 2204097

അട്ടപ്പാടി അഹാഡ്സ്
ഇനി കിലയുടെ റീജിണൽ സെന്റർ

അട്ടപ്പാടിയിലെ അട്ടപ്പാടി ഹിൽ ഏരിയ ഡവലപ്മെന്റ് സ്കീമിന്റെ കീഴലുണ്ടായിരുന്ന കെട്ടിട സമുച്ചയങ്ങളും മറ്റും കിലയുടെ പരിശീലനത്തിനുള്ള റീജിണൽ സെന്ററാക്കി ഉത്തരവായി.നീർത്തടാധിഷ്ഠിത വികസനത്തിനു പരിശീലനം നൽകുന്ന കേന്ദ്രമാക്കി അട്ടപ്പാടിയിലെ അഹാഡ്സ് സെന്ററിനെ മാറ്റണമെന്ന സെന്റർ ഫോർ കോംപ്രിഹെൻസീവ് പാർട്ടിസിപ്പേറ്ററി റിസോഴ്സ് മാനേജ്മെന്റ്(സി.സി.പി.ആർ.എം)എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോടു അഭ്യർത്ഥിച്ചിരുന്നു.27.7.2016 ലെ വികേന്ദ്രീകൃത ആസൂത്രണകോർഡിനേഷൻ കമ്മിററിയാണ് അഹാഡ്സിന്റെ കെട്ടിടം കിലയുടെ പരിശീലനത്തിനുള്ള റീജിണൽ സെന്ററാക്കാൻ തീരുമാനിച്ചത്.അട്ടപ്പാടി ഏരിയാ ഡവലപ്മെന്റ് സ്കീം നിലവിൽ പ്രവർത്തിക്കാത്തതിനാൽ ഈ സെന്റർ ഒഴിഞ്ഞുകിടക്കുകയായിരുന്നു. എന്നാൽ കുടുംബശ്രീ പ്രവർത്തനത്തിനു ചില മുറികൾ ഉപയോഗിക്കുന്നുണ്ട്. കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടം തുടർന്നും അവർക്കു ഉപയോഗിക്കാവുന്നതാണ്.17.8.2016 ലെ സ.ഉ.(സാധാ)2463/2016 പ്രകാരം തദ്ദേശഭരണവകുപ്പാണ് ഇപ്രകാരം ഉത്തരവിറക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളിൽ
ഭിന്നശേഷിക്കാർക്കു രജിസ്റ്റർ സൂക്ഷിക്കണം

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഭിന്നശേഷിക്കാരായ വ്യക്തികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ആവശ്യപ്രകാരമാണ് ഇപ്രകാരം ഒരു രജിസ്റ്റർ വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസക്കാരായ എല്ലാ ഭിന്നശേഷിക്കാരുടേയും വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം ഈ രജിസ്റ്റർ. കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്ററർ കാലാകാലങ്ങളിൽ പുതുക്കുകയും വേണം. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്കാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങളാണ് ഉപയോഗിക്കേണ്ടത്. വിവരങ്ങൾ ശേഖരിക്കുന്നതിനു സർവേകളോ ക്യാമ്പുകളോ സംഘടിപ്പിക്കാവുന്നതാണ്.ഭിന്നശേഷിക്കാരായ വ്യക്തികളുടെ പേര്,മേൽവിലാസം, കുടുംബാംഗങ്ങളുടെയെല്ലാം വിദ്യാഭ്യാസയോഗ്യത, ഭിന്നശേഷിക്കാരുടെ വിവരണം, വരുമാനം, ബി.പി.എൽ കുടുംബമാണെങ്കിൽ ആയതിന്റെ നമ്പർ,ആധാർ നമ്പർ, ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ, തൊഴിൽ മുതലായ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. തദ്ദേശസ്വയംഭരണവകുപ്പിന്റെ17.8.2016 ലെ സ.ഉ.(സാധാ)2465/2016 നമ്പർ ഉത്തരവുപ്രകാരമാണ് ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്.

പദ്ധതി ആനുകൂല്യങ്ങൾക്കു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. എങ്കിലും ധാരാളം പരാതികളും സംശയങ്ങളും നിലനിൽക്കുകയാണ്.ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ആശ്രയപരിപാടി പ്രകാരം കണ്ടെത്തിയ എല്ലാ അഗതി കുടുംബങ്ങൾക്കും വീടു വയ്ക്കുന്നതിനു സ്ഥലം നൽകൽ, ഭവനനിർമ്മാണം,വീടിന്റെ പുനരുദ്ധാരണം, കക്കൂസുകളുടെ നിർമ്മാണം, വീടു വൈദ്യുതീകരണം, എന്നീ ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. വളരെ മുമ്പു തയ്യാറാക്കിയ ആശ്രയാലിസ്റ്റാണെങ്കിൽ അതു പുന:പരശോധിച്ച് കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ്. അപ്രകാരം പരിഷ്ക്കരിക്കുമ്പോൾ അയൽസഭ, ഗ്രാമസഭ/വാർഡുസഭ എന്നിവയുടെ അംഗീകാരം വാങ്ങണം.

പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ ആനുകൂല്യം നൽകുന്നതിനുള്ള പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വ്യാപകമായ പ്രചാരണം നൽകി ആവശ്യമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും അപേക്ഷ നൽകാൻ അവസരം നൽകണം.അയൽസഭകൾ, ഗ്രാമകേന്ദ്രം, കുടുംബശ്രീ, ആശാവർക്കർ, അങ്കണവാടി പ്രവർത്തകർ എന്നിവയിലൂടെ പ്രചാരണം നൽകാം. അപേക്ഷാഫോറങ്ങൾ എല്ലാവർക്കും ലഭ്യമാക്കണം. അപേക്ഷ സ്വീകരിച്ചാൽ കൃത്യമായതും സുതാര്യമായതുമായ അർഹതാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം. വർക്കിംഗ് ഗ്രൂപ്പിന്റെ അതീവശ്രദ്ധയും ജാഗ്രതയും ഇക്കാര്യത്തിൽ ആവശ്യമാണ്. അർഹരായവരിൽനിന്ന് മുൻഗണനയുടെ അടിസ്ഥാനത്തിൽ മാർക്കു നൽകി അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി കരടു മുൻഗണനാലിസ്റ്റ് അതതു വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം. ഈ ലിസ്റ്റുപ്രകാരം രണ്ടു ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി അപേക്ഷകരുടെ അർഹതയും മുൻഗണനയു ഉറപ്പാക്കി സാക്ഷ്യപ്പെടുത്തണം. ഇപ്രകാരമുള്ള ഫീൽഡ് പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരടു മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം. ഈ കരടു മുൻഗണനാലിസ്ററ് വാർഡുവികസനസമിതിമുഖേന അയൽസഭകളിൽ പരിശോധനയ്ക്കു നൽകണം. അയൽസഭകളുടെ ശുപാർശ പ്രകാരം ഈ ലിസ്റ്റ് വാർഡുസഭ/ഗ്രാമസഭകളിൽ അവതരിപ്പിച്ചു ചർച്ച ചെയ്യുക.ഇങ്ങനെ വാർഡുസഭ/ഗ്രാമസഭകൾ ചർച്ച ചെയ്തു അംഗീകരിച്ച ലിസ്റ്റുകൾ അന്തിമമായി ഗ്രാമസഭകളുടേയും/വാർഡുസഭകളുടേയും മിനുട്സിൽ രേഖപ്പെടുത്തിയശേഷം അതിന്റെ പകർപ്പ് ഭരണസമിതിക്കു സമർപ്പിക്കേണ്ടതാണ്.

ഗ്രാമസഭ/വാർഡുസഭ അംഗീകരിച്ച ഗുണഭോക്തൃമുൻഗണനാലിസ്റ്റിന്റെ മുൻഗണനാക്രമം തെറ്റാതെ ഭരണസമിതിയോഗത്തിൽവച്ച് അംഗീകാരം നൽകണം.ഭരണസമിതി അംഗീകരിച്ച മുൻഗണനാലിസ്റ്റിന്റെ പകർപ്പ് തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈററിലും പ്രസിദ്ധീകരിക്കണം. വെബ്സൈററിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിനു സാധുത ഉണ്ടായിരിക്കുന്നതല്ല.ഇപ്രകാരം നടപടികൾ പൂർത്തീകരിച്ച ഗുണഭോക്തൃലിസ്റ്റ് എത്രയും വേഗം നിർവഹണ ഉദ്യോഗസ്ഥർക്കു കൈമാറേണ്ടതാണ്. അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻപേർക്കും ആനുകൂല്യം നൽകിയശേഷം മാത്രമേ പുതിയതായി വീണ്ടും ഒരു ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാൻ പാടുള്ളൂ. തയ്യാറാക്കിയ മുൻഗണനാലിസ്ററിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമെന്നു നിർവഹണ ഉദ്യോഗസ്ഥനു ബോധ്യമാകുകയാണെങ്കിൽ ആയതു ഭരണസമിതിയെ അറിയിക്കേണ്ടതും അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയശേഷം മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ അപ്രകാരം ചെയ്യുമ്പോൾ അതു ഗ്രാമസഭയുടെ/വാർഡുസഭയുടെ അംഗീകാരത്തോടെ മാത്രമായിരിക്കണം.

ഇപ്രകാരം കുറ്റമറ്റ ഗുണഭോക്തൃലിസ്റ്റ് തദ്ദേശസ്ഥാപനങ്ങൾ തയ്യാറാക്കുകയും അതുപ്രകാരം നിർവഹണം നടത്തുകയും ചെയ്യുകയാണ് പരാതികൾ ഒഴിവാക്കാനും സുതാര്യത ഉറപ്പുവരുത്താനും അഭികാമ്യമായിട്ടുള്ള നടപടി.

വി.ജി.ശശിധരൻ

ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിച്ചു

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവായി. 1.7.2016 മുതൽ മുൻകാല പ്രാബല്യത്തോടെയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന തുകയുടെ ഇരട്ടി തുകയാണ് കൂട്ടിയിട്ടുള്ളത്. തദ്ദേശസയംഭരണവകുപ്പിന്റെ10.8.2016 ലെ സ.ഉ.(അച്ചടി)30/2016 നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്ക് താഴെ ചേർക്കുന്നു.

ജില്ലാപഞ്ചായത്ത്:

പ്രസിഡന്റ്	: നിലവിൽ 7,900 രൂപ.
	: വർദ്ധിപ്പിച്ചത് 15,800 രൂപ.
വൈസ് പ്രസിഡന്റ്	: നിലവിൽ 6,600 രൂപ.
	: വർദ്ധിപ്പിച്ചത് 13,200 രൂപ.
സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ	: നിലവിൽ 4,700 രൂപ.
	: വർദ്ധിപ്പിച്ചത് 9,400 രൂപ.
അംഗങ്ങൾ	: നിലവിൽ 4,400 രൂപ.
	: വർദ്ധിപ്പിച്ചത് 8,800 രൂപ.

ബ്ലോക്ക് പഞ്ചായത്ത്:

പ്രസിഡന്റ്	: നിലവിൽ 7,300 രൂപ.
	: വർദ്ധിപ്പിച്ചത് 14,600 രൂപ.
വൈസ് പ്രസിഡന്റ്	: നിലവിൽ 6,000 രൂപ.
	: വർദ്ധിപ്പിച്ചത് 12,000 രൂപ.
സ്റ്റാൻഡിംഗ് കമ്മിററി ചെയർമാൻ	: നിലവിൽ 4,400 രൂപ.
	: വർദ്ധിപ്പിച്ചത് 8,800 രൂപ.
അംഗങ്ങൾ	: നിലവിൽ 3,800 രൂപ.
	: വർദ്ധിപ്പിച്ചത് 7,600 രൂപ.

ഗ്രാമപഞ്ചായത്ത്:

പ്രസിഡന്റ്	: നിലവിവിൽ 6,600 രൂപ.
	: വർദ്ധിപ്പിച്ചത് 13,200 രൂപ.
വൈസ് പ്രസിഡന്റ്	: നിലവിൽ 5,300 രൂപ.
	: വർദ്ധിപ്പിച്ചത് 10,600 രൂപ.
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	: നിലവിൽ 4,100 രൂപ.
	: വർദ്ധിപ്പിച്ചത് 8,200 രൂപ.
അംഗങ്ങൾ	: നിലവിൽ 3,500 രൂപ.
	: വർദ്ധിപ്പിച്ചത് 7,000 രൂപ.

കോർപ്പറേഷൻ:

മേയർ	: നിലവിൽ 7,900 രൂപ.
	: വർദ്ധിപ്പിച്ചത് 15,800 രൂപ.
ഡെപ്യൂട്ടി മേയർ	: നിലവിൽ 6,600 രൂപ.
	: വർദ്ധിപ്പിച്ചത് 13,200 രൂപ.
സ്റ്റാൻഡിംഗ് കമ്മിററി ചെയർമാൻ	: നിലവിൽ 4,700 രൂപ.
	: വർദ്ധിപ്പിച്ചത് 9,400 രൂപ.
അംഗങ്ങൾ	: നിലവിൽ 4,100 രൂപ.
	: വർദ്ധിപ്പിച്ചത്.8,200 രൂപ.

മുനിസിപ്പാലിറ്റി:

ചെയർമാൻ	: നിലവിൽ 7,300 രൂപ.
	: വർദ്ധിപ്പിച്ചത് 14,600 രൂപ.
വൈസ് ചെയർമാൻ	: നിലവിൽ 6,000 രൂപ.
	: വർദ്ധിപ്പിച്ചത് 12,000 രൂപ.
സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർമാൻ	: നിലവിൽ 4,400 രൂപ.
	: വർദ്ധിപ്പിച്ചത് 8,800 രൂപ.
അംഗങ്ങൾ	: നിലവിൽ 3,800 രൂപ.
	: വർദ്ധിപ്പിച്ചത് 7,600 രൂപ.

സർക്കാർ ഉത്തരവുകൾ

ഫാക്ടറികളും വ്യവസായയൂണിറ്റുകളും രജിസ്റ്റർ ചെയ്യണം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്നു ലൈസൻസ് എടുത്ത് പ്രവർത്തനമാരംഭിക്കുന്ന എല്ലാ ഫാക്ടറികളുടേയും വ്യവസായയൂണിറ്റുകളുടേയും വിവരങ്ങൾ തദ്ദേശസ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനേയും അറിയിക്കേണ്ടതാണെന്നു നിർദ്ദേശം നൽകി ഉത്തരവു പുറപ്പെടുവിച്ചു.29.6.2016 ലെ ഭരണവകുപ്പിന്റെ എ.ബി.2/107/2016 നമ്പറായി പുറത്തിറക്കിയ സർക്കുലറിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്കു പ്രഭാതഭക്ഷണം

തദ്ദേശസ്ഥാപനങ്ങളുടെ കീഴിലുള്ള സർക്കാർ പ്രൈമറിസ്കൂളുകളിലെ കുട്ടികൾക്കു പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി തദ്ദേശസ്ഥാപനങ്ങൾക്കു ഏറ്റെടുക്കാവുന്നതാണ്. പദ്ധതി രൂപീക്കണത്തിനുള്ള നിർദ്ദേശങ്ങളിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.30.6.2016 ലെ സ.ഉ. 2037/2016 ഉത്തരവുപ്രകാരമാണ് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

വിവാഹധനസഹായത്തിനുള്ള അപേക്ഷ

പട്ടികജാതിവിഭാഗങ്ങളിൽപെട്ട പെൺകുട്ടികൾക്കു വിവാഹധനസഹായം നൽകുന്നതിനുള്ള അപേക്ഷ, വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്കും നൽകാവുന്നതാണ്. മാർഗ്ഗരേഖപ്രകാരം 90 ദിവസത്തിനുള്ളിൽ അപേക്ഷിക്കണമെന്നതായിരുന്നു വ്യവസ്ഥ. 30.6.2016 ലെ സ.ഉ. (സാധാ) 2037/16 ത സ്വ ഭ വ ഉത്തരവു പ്രകാരമാണ് ഈ നിർദ്ദേശം നൽകിയിരിക്കുന്നത്.

നെൽവിത്ത് സബ്സിഡി

കർഷകർക്കുള്ള നെൽവിത്തിന്റെ സബ്സിഡി 100 ശതമാനമായി വർദ്ധിപ്പിച്ചു. മാത്രമല്ല എല്ലാ കർഷകർക്കും പാട്ടകർഷകർക്കും സബ്സിഡി നൽകാവുന്നതാണ്. കൂലിചെലവ് സബ്സിഡി പാട്ടകർഷകർക്കും അനുവദിക്കാവുന്നതാണ്.30.6.2016 ലെ ഉത്തരവിലാണ് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

ഓണസദ്യക്കു പണമനുവദിച്ചു

അഗതികളും അശരണരുമായി കഴിയുന്നവർക്കു 2016 ലെ ഓണം ആഘോഷിക്കാൻ ആവശ്യമായ സഹായം നൽകാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അനുവദിച്ച് സർക്കാർ ഉത്തരവായി.ഓണസദ്യ നൽകുന്നതിനു ഗ്രാമപഞ്ചായത്തകൾക്കു10,000/-(പതിനായിരം)രൂപയും നഗരസഭകൾക്കും ജില്ലാപഞ്ചായത്തുകൾക്കും20,000/-(ഇരുപതിനായരം) രൂപയും കോർപ്പറേഷനുകൾക്കു 200,000/-(രണ്ടുലക്ഷം) രൂപയും അതതുസ്ഥാപനങ്ങളുടെ തനതുഫണ്ടിൽനിന്നു ചെലവഴിക്കുന്നതിനു അനുമതി നൽകി ഉത്തരവായി. 9.9.2016 ലെ സ.ഉ.(സാധാ) 2678/2016 നമ്പറായി തദ്ദേശസ്വയംഭരണവകുപ്പാണ് ഉത്തരവിറക്കിയിട്ടുള്ളത്.

KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)